**മധുരമായ കുട്ടികളേ – ബാബയെ എല്ലാം അറിയുന്നവൻ എന്ന് പറയുന്നുണ്ടെങ്കിലും, ഓരോരുത്തരും തന്റെ കാര്യങ്ങൾ തീർച്ചയായും കേൾപ്പിക്കണം, കേൾപ്പിക്കുകയാണെങ്കിൽ നിർദ്ദേശം ലഭിക്കും.**

**ചോദ്യം:–** പരിധിയില്ലാത്ത സൃഷ്ടിയെ സ്വർഗ്ഗമാക്കണം, അതിനാൽ വിവേകശാലികളായ കുട്ടികളുടെ കർത്തവ്യമെന്ത്?
**ഉത്തരം:–** ഓരോരുത്തരുടെയും യഥാർത്ഥമായ കാര്യങ്ങൾ ബാബയ്ക്ക് നല്കുക. ബാബയെ എല്ലാം കേൾപ്പിക്കുകയാണെങ്കിൽ ബാബ ശിക്ഷണം നല്കും– നിങ്ങളിൽ ഇന്ന–ഇന്ന ഭൂതമുണ്ട്, ഇന്ന കാരണം കൊണ്ടാണ് സേവനം നടക്കാത്തത്. തന്റെ പെരുമാറ്റത്തെ പരിവർത്തനപ്പെടുത്തൂ. ദേഹാഭിമാനത്തിന്റെ ഇച്ഛകളെ ത്യാഗം ചെയ്യൂ. പരിധിയില്ലാത്ത സൃഷ്ടിയെ സ്വർഗ്ഗമാക്കണം അതിനാൽ സർവ്വരെയും പ്രതി ബാബയ്ക്ക് ഈ ദൃഷ്ടിയാണ്– സർവ്വർക്കും ജ്ഞാനം കൊടുക്കൂ, ദരിദ്രരുടെ മേൽ പ്രത്യേക ശ്രദ്ധയുണ്ട്.

**ഗീതം:–** എനിക്ക് ആശ്രയം നല്കുന്നവനേ.....

**ഓം ശാന്തി.** നല്ല പുരുഷാർത്ഥി നിശ്ചയബുദ്ധി കുട്ടികൾ മനസ്സിലാക്കുന്നുണ്ട്– ആരുടെയാണോ മഹിമ ചെയ്തിരുന്നത് അത് പരമപിതാ പരമാത്മാവിന്റെ തന്നെയാണ്. ആരെല്ലാം മൺമറഞ്ഞു പോയോ അവരുടെ കർത്തവ്യത്തിനുമേൽ മഹിമ പാടുന്നു. ചിലരുടെ മഹിമ അറിയുന്നു, ചിലരുടേത് അറിയുന്നില്ല. കുട്ടികളാകുന്ന നിങ്ങൾ സർവ്വരുടെയും മഹിമയെ മനസ്സിലാക്കുന്നു. ബാബയെ പറയുന്നത്– എല്ലാം അറിയുന്നവൻ എന്നാണ്, എന്നാൽ എല്ലാം അറിയുന്നവൻ എന്നുള്ളതിന്റെ അർത്ഥം കുട്ടികൾ പൂർണ്ണമായും മനസ്സിലാക്കുന്നില്ല. എത്രയോ കുട്ടികൾ മനസ്സിലാക്കുന്നു– നമ്മുടെ ഹൃദയത്തിന്റെ കാര്യങ്ങൾ ബാബയ്ക്കറിയാം, പിന്നെന്തിന് എഴുതി അറിയിക്കണം. എന്നാൽ ഇത് തെറ്റാണ്. ബാബ ഒന്നേയുള്ളു. ഇത്രയും അനവധി കുട്ടികളുടെ സങ്കല്പങ്ങളെ അറിയുമോ! ബാബ ഇവിടെയാണ് വരുന്നത്, വന്ന് ടീച്ചറുടെ രൂപത്തിൽ പഠിപ്പിക്കുന്നു. മനസ്സിലാക്കുന്നു– ഇവർ എങ്ങനെ പഠിക്കുന്നു? നിശ്ചയബുദ്ധിയാണോ അല്ലയോ? പരംധാമിൽ ഇരുന്നല്ല ഇങ്ങനെ ചിന്തിക്കുന്നത്. ഇങ്ങനെയാണ് മനസ്സിലാക്കുന്നതെങ്കിൽ അത് കുട്ടികളുടെ തെറ്റാണ്. എഴുതുന്നുണ്ട്– ബാബ ഞാൻ എന്ത് കേൾപ്പിക്കണം, അങ്ങയ്ക്ക് എല്ലാം അറിയാമല്ലോ? പക്ഷെ അങ്ങനെയല്ല. തന്റെ ചലനത്തിന്റെ, പഠിത്തത്തിന്റെ കാര്യങ്ങൾ പഠിപ്പിക്കുന്ന ആളെ ബ്രഹ്മാവിലൂടെ അറിയിക്കണം. പോസ്റ്റ് ഓഫീസിലൂടെ ചോദിച്ചറിയണം. അല്ലാതെ ബാബയ്ക്ക് എല്ലാം അറിയാം അങ്ങനെയല്ല. നമുക്ക് ബാബയിൽ നിന്നും ഒളിപ്പിച്ചുവെക്കാൻ സാധിക്കില്ല. ഇതിനെ അന്ധവിശ്വാസം എന്നാണ് പറയുന്നത്. ബാബയെ ബ്രഹ്മാവിലൂടെ സർവ്വതും അറിയിക്കണം. അനേക പ്രകാരത്തിലുള്ള കുട്ടികൾ ഉണ്ടല്ലോ. ഓരോരുത്തരും അവരുടെ കാര്യങ്ങൾ അറിയിക്കണം. അതിനാലാണ് ഓരോ സേവാകേന്ദ്രത്തിനോടും ഒരു വർഷമായി വരുന്ന കുട്ടികളുടെ റജിസ്റ്ററും, അവരുടെ ഉദ്യോഗവും എഴുതി അയക്കാൻ പറയുന്നത്. ബാബയ്ക്കറിയാമെങ്കിൽ എന്തിന് ചോദിക്കണം. ശിവബാബ അറിയേണ്ടതെല്ലാം ബ്രഹ്മാവും അറിയണം. ബ്രഹ്മാവിലൂടെയല്ലേ എല്ലാം. ട്രങ്ക് കോൾ വിളിക്കുന്നതും ഓപ്പറേറ്ററിലൂടെയാണ്. ഓപ്പറേറ്ററിന് വേണമെങ്കിൽ കേൾക്കാം, പക്ഷെ അതിന് വിലക്കുണ്ട്. വേണമെങ്കിൽ കേൾക്കാം. അവർക്ക് നല്ല രീതിയിൽ ശബ്ദം കേൾക്കാം. അതിനാൽ ഇവിടെയും എല്ലാവരും കേൾപ്പിക്കണം. ഇടയ്ക്കുവെച്ച് മറ്റാരും അറിയില്ല, പിന്നെ ഉത്തരവാദപ്പെട്ട ബി കെ കുട്ടികളിലൂടെയും ബാബയെ കേൾപ്പിക്കാം. ജ്ഞാനത്തിൽ പരിപക്വമായ കുട്ടികളുടെ കർത്തവ്യമാണ് എല്ലാ കാര്യങ്ങളും പൂർണ്ണമായും കേൾപ്പിക്കുക. ഓരോരുത്തരും സ്വന്തം കാര്യങ്ങൾ കേൾപ്പിക്കണം. വിവേകശാലികളായ കുട്ടികൾ ബാബയ്ക്ക് എഴുതുന്നുണ്ട്– ബാബ അവർക്ക് ശിക്ഷണവും നല്കും. ഇല്ലായെങ്കിൽ പെരുമാറ്റം പരിവർത്തനപ്പെടില്ല. ഗുണങ്ങൾ പൂർണ്ണമായും ധാരണ ചെയ്യുന്നില്ല. ദേഹാഭിമാനം വളരെയുണ്ട്. ദേഹ അഹങ്കാരത്തിന്റെ ഇച്ഛകൾ വളരെയധികം ഉണ്ട്. വിവേകശാലികളായ കുട്ടികൾ പെട്ടെന്ന് ബാബയെ കേൾപ്പിക്കും– ഇന്ന ഇന്ന കാരണം കൊണ്ടാണ് ഡിസർവ്വീസ് ഉണ്ടാകുന്നത് എന്ന്. ബാബ മുന്നറിയിപ്പ് നല്കും– ഇത് ഭൂതമാണ്, ഇതിനെ ഇല്ലാതാക്കൂ, ഇല്ലായെങ്കിൽ പദവി ഭ്രഷ്ടമാകും.

ബാബയാണ് പരിധിയില്ലാത്ത സൃഷ്ടിയെ സ്വർഗ്ഗമാക്കുന്നത്, സർവ്വരെയും ഉയർത്തണം എന്ന ദൃഷ്ടി ബാബയ്ക്ക് ഉണ്ട്. ദരിദ്രരുടെ മേൽ പ്രത്യേക ശ്രദ്ധയുണ്ട്. ദാനം ചെയ്യുന്നത് എപ്പോഴും ദരിദ്രർക്കാണ്. ദരിദ്രർ തന്നെയാണ് നിമിത്തമായിട്ടുള്ളത്. രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. പ്രജകൾ നിറയെ

യുണ്ട്. ബ്രിട്ടിഷ് ഗവൺമെന്റിന്റെ കാലത്ത് ബറോഡ, ഗ്വാളിയോർ എന്നിവിടങ്ങളിലെ രാജാക്കൻമാർ ഉണ്ടായിരുന്നു– ഒരു രാജാവ്, റാണി, ബാക്കി പ്രജകൾ ആയിരുന്നു. ചിലർക്ക് 20 ലക്ഷം പ്രജകൾ, ചിലർക്ക് 30 ലക്ഷം പ്രജകൾ....നമ്പർവാർ ആയിരുന്നു. ദർബാറിൽ എല്ലാ രാജാക്കൻമാരെയും ക്ഷണിച്ചിരുന്നു. ദർബാറിലും നമ്പറനുസരിച്ചായിരുന്നു ഇരുന്നിരുന്നത്. മഹാരാജാക്കൻമാർ വേറെ, രാജാക്കൻമാർ വേറെ, ജന്മികൾ...എന്നിങ്ങനെ നമ്പർവാർ ആയിരുന്നു. ഇതും അങ്ങനെയാണ്. ഉയർന്നതിലും വച്ച് ഉയർന്ന ബാബയെ സർവ്വരും ബഹുമാനിക്കണം. ബാബ തന്നെയാണ് വന്ന് കല്പ കല്പം ഭാരതത്തെ സ്വർഗ്ഗമാക്കുന്നത്. ഭാരതവാസികൾ ബാബയെ ഗ്ലാനി ചെയ്യുന്നു. സതോപ്രധാനത്തിൽ നിന്നും സതോ, രജോ, തമോയിലേക്ക് തീർച്ചയായും അധഃപതിക്കുക തന്നെ വേണം. അതിനാൽ ഉയർന്നതിലും വച്ച് ഉയർന്നത് ഭഗവാനാണ്, പിന്നെ ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ എന്നീ സൂക്ഷ്മ വതനവാസികൾ. വൃക്ഷത്തെ കുറിച്ചുള്ള അറിവ് ഉണ്ടായിരിക്കണമല്ലോ. ബാബയെ തന്നെയാണ് ഈ വൃക്ഷത്തിന്റെ നോളേജ്ഫുൾ എന്നു പറയുന്നത്. മറ്റാരിലും ഈ അറിവില്ല. അതിനാൽ ഉയർന്നതിലും വച്ച് ഉയർന്നത് ബാബ, പിന്നെ ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ, പിന്നെ ബ്രഹ്മാവും ജഗദംബയും, മാതാ പിതാവ് പ്രശസ്തമാണ്. ജഗദംബ സരസ്വതിയാണ് ബ്രഹ്മാവിന്റെ പുത്രി. അവർക്കും ഒരു പേരുണ്ടായിരിക്കണം. ചിലർ അംബ എന്നു പറയുന്നു, ചിലർ കാളി എന്ന്, ചിലർ സരസ്വതിയെന്നും. വളരെ പേരുകൾ ഉണ്ട്. ഇതാണ് പ്രജാപിതാ ബ്രഹ്മാവും പിന്നെ ബി കെ സരസ്വതിയും. സരസ്വതിയുടെ കൈയ്യിൽ വീണ കാണിക്കുന്നുണ്ട്. ആദ്യം ആദ്യം മുഖ്യം വിദ്യാ ദേവി സരസ്വതി, ജഗദംബയാണ്. ഏത് ജ്ഞാനം അഥവാ വിദ്യയാണ്? രാജയോഗത്തിന്റെ. ഇവർക്ക് ഇത് നല്കിയത് ആരാണ്? ജ്ഞാന സാഗരൻ. ജ്ഞാനസാഗരനായ ബാബയിൽ നിന്നും ഈ ബ്രഹ്മാവും പഠിച്ചു, കുട്ടികളും പഠിച്ചു. അവർ ജ്ഞാന ജ്ഞാനേശ്വരിയിൽ നിന്നും രാജരാജേശ്വരിയായി മാറുന്നു. തതത്വം. രണ്ടു പേരും ജ്ഞാന ജ്ഞാനേശ്വരിയാണ്. ഈശ്വരനിൽ നിന്നും സഹജ രാജയോഗത്തിന്റെ ജ്ഞാനം പഠിച്ച് രാജ്യപദവി പ്രാപ്തമാക്കി. തതത്വം. ലക്ഷ്മീ നാരായണൻ മാത്രമായിരിക്കില്ല ഉണ്ടാകുന്നത്. ഈ രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. എത്രയോ ബ്രാഹ്മണരും ബ്രാഹ്മണിമാരുമാണ്, പഠിച്ചു കൊണ്ടിരിക്കുന്നത്, അവർ തന്നെ പൂജനീയ രാജാ റാണിയായി തീരും. പിന്നീട് സതോപ്രധാനത്തിൽ നിന്നും സതോയിൽ എത്തുമ്പോൾ രണ്ട് കല കുറയുന്നു, ശേഷം രജോ,തമോയിൽ വന്ന് പൂജനീയനിൽ നിന്നും പൂജാരിയായി മാറുന്നു. നമ്മൾ പൂജനീയരായിരുന്നു, നമ്മൾ തന്നെ പൂജാരിയായി. ബാബ മനസ്സിലാക്കി തന്നു– വാസ്തവത്തിൽ 4 ധർമ്മശാസ്ത്രങ്ങളുണ്ട്, മുഖ്യമായത് ശ്രീമത് ഭഗവത്ഗീത, മാതാ പിതാവ്. ബാക്കിയുള്ളത് മക്കളാണ്, ഇസ്ലാം ധർമ്മം, ബുദ്ധ ധർമ്മം. ഉയർന്നതിലും വച്ച് ഉയർന്നത് ഗീത, പിന്നെ ഇസ്ലാം ധർമ്മ ശാസ്ത്രം. ധർമ്മ സ്ഥാപനത്തിന്റെ മുഖ്യമായ ശാസ്ത്രം ഇതാണ്. ആദ്യം ആദ്യം ദേവി ദേവതാ ധർമ്മം, അതിന്റെ ശാസ്ത്രമാണ് ഗീത. ഇതിന്റെ രചയിതാവ് പരമപിതാ പരമാത്മാവാണ്. ബാബ ജ്ഞാന സാഗരനാണ്. തീർച്ചയായും ബാബയെ ഉയരത്തിൽ വയ്ക്കണം, ബാക്കി ശാഖകളാണ്. ദേവീ ദേവതമാരുടേതാണ് മുഖ്യം, പിന്നെ ഇസ്ലാം, ബുദ്ധ ധർമ്മം. ഉയർന്നതിലും വച്ച് ഉയർന്നത് ഒരേയൊരു ബാബയാണ്. സ്ഥാപന ചെയ്യുന്നത് പരമപിതാ പരമാത്മാവാണ്. ബാബ നിരാകാരനാണ്, ബ്രഹ്മാവിലൂടെയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. പറയാറുണ്ട്– പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിച്ചു. കൃഷ്ണൻ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിച്ചുവെന്ന് പറയാറില്ല. പരംപിതാ പരമാത്മാവ് ബ്രഹ്മാമുഖത്തിലൂടെ ബ്രാഹ്മണരെ രചിച്ചു, അതേ ബ്രാഹ്മണർ തന്നെ പിന്നീട് സൂര്യവംശി, ചന്ദ്രവംശി ആയി തീരുന്നു. അതിനാൽ സൂര്യവംശി ചന്ദ്രവംശി ധർമ്മത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. നിങ്ങൾ ദേവീ ദേവതാ ധർമ്മത്തിലുള്ളവരാണ്. നിങ്ങൾക്കറിയാം നമുക്ക് ശേഷം രണ്ടാമത് വരുന്നത് ഇസ്ലാം ധർമ്മം, പിന്നെ ബുദ്ധ ധർമ്മം. അങ്ങനെ അഭിവൃദ്ധിയുണ്ടാകും. ഇതെല്ലാം ബുദ്ധിയിൽ ധാരണ ചെയ്യണം. കഴിഞ്ഞു പോയതാണ് ശാസ്ത്രമാകുന്നത്. ഇപ്പോൾ എന്തെല്ലാം സംഭവിക്കുന്നുവൊ, ഡ്രാമയിൽ ഷൂട്ട് ആകുന്നു. പിന്നീട് കല്പത്തിനു ശേഷം ആവർത്തിക്കും. മുഴുവൻ ലോകത്തിൽ നടക്കുന്നത് ഷൂട്ട് ആയി കൊണ്ടിരിക്കുന്നു. പിന്നീട് 5000 വർഷങ്ങൾക്ക് ശേഷം നിങ്ങൾ ഇതേ പോലെ അഭിനയിക്കും. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. അതിനാൽ ഉയർന്നതിലും വെച്ച് ഉയർന്നത് ശിവബാബ, പിന്നെ ജഗദംബയും പ്രജാപിതാ ബ്രഹ്മാവും അവരുടെ കുട്ടികളും. 3 സഹോദരങ്ങളുണ്ട്, ബാക്കി ദേവിദേവതാ ധർമ്മമെന്ന ഏറ്റവും മുതിർന്ന സഹോദരൻ ഇല്ല. പ്രായേണ ലോപിച്ചു പോയി. തീർച്ചയായും ഇല്ലാതായാലേ വീണ്ടും ഈ ധർമ്മത്തിന്റെ സ്ഥാപനയും, ബാക്കി സർവ്വതിന്റെ വിനാശവും ഉണ്ടാകൂ. ദേവിദേവതാ ധർമ്മമുള്ളപ്പോൾ മറ്റ് സഹോദരങ്ങൾ ആരും ഉണ്ടായിരിക്കില്ല. അതെല്ലാം പിന്നീടാണ് വരുന്നത്. ഒരേയൊരു ബാബയാണ് രചയിതാവ്, രചനയും ഒന്നാണ്. ബാബ പറയുന്നു– ഞാൻ വീണ്ടും രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുന്നു. നിങ്ങൾക്കറിയാം വിനാശത്തിന് വേണ്ടി മഹാഭാരത യുദ്ധം മുന്നിൽ തന്നെയുണ്ട്.

കുട്ടികളാകുന്ന നിങ്ങൾ ഡ്രാമയെ നല്ല രീതിയിൽ മനസ്സിലാക്കുന്നു. ഇതെല്ലാം പഠിത്തത്തിന്റെ കാര്യങ്ങളാണ്. കള്ളൻ വന്ന് മോഷ്ടിക്കുന്ന രീതിയിലുള്ള സ്വർണ്ണം പോലുള്ള വസ്തുക്കളൊന്നും ഇവിടെയില്ല.

ഇത് പാഠശാലയാണ്. പാഠശാലയിൽ പുസ്തകങ്ങൾ, ഭൂപടങ്ങൾ.... ഇതെല്ലാമാണ് ഉണ്ടാകുന്നത്. ഇതും പാഠശാലയാണ്. ഇത് പടങ്ങളാണ്. ഭയത്തിന്റെ കാര്യമേയില്ല. കള്ളൻ എന്ത് ചെയ്യും? ഇവിടെ ഒരു വസ്തുവുമില്ല. പറയാറുണ്ട്- ചിലരുടേത് ഭൂമിയുടെ അടിയിൽ പോകും,.... ബാബ മനസ്സിലാക്കി തരുന്നു, എത്ര തന്നെ കോടിപതിയാകട്ടെ, ലക്ഷാധിപതിയാകട്ടെ സർവ്വ ധനവും ചാരമായി മാറും. നിങ്ങളുടേതാണ് സത്യമായ സമ്പാദ്യം. ഏറ്റവും കോടിപതികൾ നിങ്ങളാണ്. നിങ്ങൾ ഈ സമ്പാദ്യം കൂടെ കൊണ്ട് പോകും. നിങ്ങൾക്കറിയാം നമ്മൾ സർവ്വതും സ്വർഗ്ഗത്തിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. ബാബയോട് പറയുന്നു- ബാബ ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ തിരിച്ച് നല്കണം. പലിശ സഹിതം, കക്കയ്ക്ക് പകരം വജ്രം നല്കണം. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ശ്രീമതമനുസരിച്ച് നടക്കണം. ഗൃഹസ്ഥത്തെയും സംരക്ഷിക്കണം, എന്നാൽ ശ്രീമതമനുസരിച്ച് നടക്കണം. മനുഷ്യർ വളരെ ചിലവ് ചെയ്യുന്നു. കടം എടുത്തിട്ട് പോലും തീർത്ഥയാത്രയ്ക്ക് പോകുന്നു. അതെല്ലാം ഭക്തി മാർഗ്ഗത്തിലെ സാമഗ്രികളാണ്. ഇതും അനാദിയാണ്. അധപതിക്കുന്നതിനും വസ്തുക്കൾ വേണമല്ലോ. തമോപ്രധാന അവസ്ഥയിലേക്ക് പോകുക തന്നെ വേണം, എന്നാലേ എനിക്ക് വന്ന് മനസ്സിലാക്കി തരാൻ സാധിക്കൂ- നിങ്ങൾ എത്ര ഗ്ലാനി ചെയ്തുവെന്ന്, അതിനാൽ ദുർഗതി പ്രാപ്തമാക്കി. കല്പ കല്പം നടന്നത് പോലെ വീണ്ടും നടക്കും. ജ്ഞാനവും ഭക്തിയും. പൂർണ്ണമായും ദുർഗതിയുണ്ടാകുമ്പോൾ സർവ്വരുടെയും സത്ഗതി ചെയ്യുന്നതിന് ബാബ വരുന്നത്. ഈ ജപങ്ങളെല്ലാം ചെയ്ത് ചെയ്ത് കലകൾ കുറഞ്ഞ് കുറഞ്ഞ് വരുന്നു. പൂർണ്ണമായും കറുക്കുന്നു, പിന്നെ രാത്രിക്ക് ശേഷം പകൽ വരുന്നു. ഈ മുഴുവൻ ഡ്രാമയും ബുദ്ധിയിൽ ഉണ്ടായിരിക്കണം. ജ്ഞാനമില്ലാത്തവർ കേവലം കണ്ടിട്ട് ആഹാ.. ആഹാ.. എന്നു പറയുന്നു. പുറത്ത് പോയി, കഴിഞ്ഞു. ഇത്രയും പ്രദർശനി കഴിഞ്ഞു, ഒരാൾ പോലും നിശ്ചയ ബുദ്ധിയായില്ല. മനസ്സിലാക്കുന്നതിന് വരുന്നുണ്ട്, എന്നാൽ നിശ്ചയ ബുദ്ധിയായി ഒരാൾ പോലുമില്ല. മായ പൂർണ്ണമായും നിശ്ചയബുദ്ധിയാകാൻ അനുവദിക്കുന്നില്ല. ബന്ധനമുള്ള കുമാരിമാർ വീട്ടിലിരുന്ന് ബാബയ്ക്ക് എഴുതുന്നുണ്ട്- ബാബാ ഞങ്ങൾ അങ്ങയുടേതായി കഴിഞ്ഞു, അങ്ങയെ മനസ്സിലാക്കി. ഞാൻ അങ്ങയുടേതാണ്. മരിക്കേണ്ടി വന്നാലും വിവാഹം ചെയ്യില്ല. ബന്ധനം കാരണം വരാൻ സാധിക്കുന്നില്ല. ചിലർ 10-20 വർഷം കേട്ടാലും മനസ്സിലാക്കുന്നില്ല. ബാബ 21 ജന്മത്തേയ്ക്ക് പ്രാണദാനം നല്കുന്നു. കാലന്റെ മേൽ വിജയം നേടി തരുന്നു. അവിടെ അകാലമൃത്യു ഉണ്ടാകുന്നില്ല. എങ്കിൽ എത്രത്തോളം ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം, ദാനം ചെയ്യണം. മറ്റുള്ളവരുടെയും ജീവിതത്തെ വജ്ര സമാനമാക്കണം. ഓരോരുത്തരുടെയും ഭാഗ്യം വ്യത്യസ്ഥമാണ്, എന്നാലും മുരളി തീർച്ചയായും പഠിക്കണം. മുരളി എവിടെ നിന്നാണെങ്കിലും ലഭിക്കും. പോകുന്തോറും വളരെ ഭാഷകളിൽ മുരളി ലഭിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സ്വഉന്നതിക്ക് വേണ്ടി തന്റെ പെരുമാറ്റത്തിന്റെയും പഠനത്തിന്റെയും സത്യമായ കാര്യങ്ങൾ ബാബയ്ക്ക് നൽകണം. തന്റെയും സർവ്വരുടെയും ജീവിതത്തെ വജ്ര സമാനമാക്കണം.

2) ഗൃഹസ്ഥത്തെ സംരക്ഷിച്ചും, പൂർണ്ണമായും ശ്രീമതമനുസരിച്ച് നടക്കണം. വിവേകശാലിയായി തന്റെ സർവ്വതും സ്വർഗ്ഗത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണം.

## വരദാനം:- ബാബയുടെ ഛത്രഛായക്ക് കീഴെ സദാ സുരക്ഷയുടെ അനുഭവം ചെയ്യുന്ന സർവ്വ ആകർഷണ മുക്തരായി ഭവിക്കൂ

ഏതുപോലെയാണോ സ്ഥൂല ലോകത്തിൽ ചൂട് അല്ലെങ്കിൽ മഴയിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഛത്രഛായയുടെ ആധാരമെടുക്കുന്നത്, അതാണ് സ്ഥൂല ഛത്രഛായ, ഇതാണ് ബാബയുടെ ഛത്രഛായ, ഇത് ആത്മാവിനെ എല്ലാ സമയത്തും സുരക്ഷിതമാക്കി വയ്ക്കുന്നു. അവരെ ഒരാകർഷണത്തിനും തന്നിലേക്ക് ആകർഷിക്കാൻ സാധിക്കില്ല. ഹൃദയം കൊണ്ട് ബാബ എന്ന് പറഞ്ഞു സുരക്ഷിതമായി. എങ്ങനെയുള്ള പരിസ്ഥിതി വന്നാലും - ഛത്രഛായക്കുള്ളിൽ കഴിയുന്നവർ സദാ സുരക്ഷയുടെ അനുഭവം ചെയ്യുന്നു. മായയുടെ പ്രഭാവത്തിന്റെ അംശമാത്രപോലും വരിക സാധ്യമല്ല.

**സ്ലോഗൻ:- ഇങ്ങനെ സ്വരാജ്യ അധികാരിയാകൂ അതിലൂടെ അധീനത സമാപ്തമാകണം.**